# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **14.06.2019 ൽ മറുപടിക്ക്**
**ചോദ്യം നമ്പർ : 2347**

## സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| | സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി എന്തെല്ലാം സഹായങ്ങളാണ് വ്യവസായ വകുപ്പ് നൽകി വരുന്നത് എന്ന് വിശദമാക്കാമോ? | | വ്യവസായ വകുപ്പ് വഴി സ്റ്റാർട്ട് അപ് സംരംഭങ്ങളുടെ വളർച്ചയ്ക്കായി കെ.എസ്.ഐ.ഡി.സി. യുടെ നേതൃത്വത്തിൽ എല്ലാ മേഖലയിൽ നിന്നുമുള്ള നൂതനവും വ്യാപാരയോഗ്യമായതുമായ യുവ സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധനസഹായം നൽകി വരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായം ആയി നൽകി വരുന്നത്. പ്രസ്തുത പദ്ധതിയിൽ ഇതുവരെ 100 യുവ സംരംഭങ്ങൾക്ക് ഇരുപത് കോടി രൂപ മൂലധനസഹായം അനുവദിക്കുകയുണ്ടായി. ഇത് കൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തികരണത്തിനായി കെഎസ്.ഐ.-ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്ത് 2 ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. 30 യുവ സംരംഭങ്ങൾ കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻക്യുബേഷൻ സെന്ററുകളിൽ ആയി ഇൻക്യുബേറ്റ് ചെയ്തിരിക്കുന്നു. പ്രസ്തുത സ്റ്റാർട്ട് അപ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തി വരുന്നു. ഈ സംരംഭങ്ങൾ ആയിരത്തിൽപരം തൊഴിലവസരങ്ങൾ സംസ്ഥാനത്തു സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖാന്തിരം നടപ്പിലാക്കുന്ന സംരംഭക സഹായ പദ്ധതിയുടെ ഒരു ഘടകമായി സ്റ്റാർട്ട് അപ്പ് സഹായം നൽകി വരുന്നുണ്ട്. വ്യവസായ വകുപ്പ് ശുപാർശ ചെയ്ത പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ധനകാര്യ സ്ഥപനങ്ങളിൽ നിന്ന് ടേം ലോൺ എടുത്ത് പ്രവർത്തനം ആരംഭിക്കുന്ന ഉല്പാദന മേഖലയിലെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഇ.എസ്.എസ്. പദ്ധതി പ്രകാരം അർഹമായ സഹായത്തിന്റെ 50% വരെ പരമാവധി 3 ലക്ഷം രൂപ സ്റ്റാർട്ട് അപ് സപ്പോർട്ടായി നല്കുന്നു.<br><br>കൂടാതെ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് മുഖാന്തിരം കേരള സ്റ്റാർട്ട് അപ് മിഷനിലൂടെ DPIIT (Department for Promotion of Industry and Internal Trade) രജിസ്ട്രേഷൻ ഉള്ള സ്റ്റാർട്ട് അപ് സംരംഭങ്ങൾക്ക് വിവിധ ആനുകൂല്യങ്ങൾ നല്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ